പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1455 15.06.2012- ൽ മറുപടിയ്ക്ക്

നൂറുദിന കർമ്മ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് പുതിയ പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്.<br>1. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പന്നിപ്പനി വാക്സിൻ ഉൽപാദിപ്പിച്ച് എല്ലാവിധ ഗുണനിലവാര പരിശോധനകൾക്കു ശേഷം വിതരണം ചെയ്തു തുടങ്ങി.<br>2. വിദർഭ മാതൃക പദ്ധതി നടപ്പിലാക്കിയ വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ അതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു മൂന്നാം ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.<br>3. തൃശൂർ ജില്ലയിലെ, പുത്തൂരിൽ വെച്ചൂർ, ഗിർ, റെഡ്സിന്ധി മുതലായ ഇന്ത്യൻ കന്നുകാലി ജനുസ്സുകളെ പരിപാലിക്കുന്നതിനുള്ള ആധുനിക ഫാം കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് വഴി സജ്ജീകരിച്ചു.<br>4. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ കുഴൂരിൽ ഒരു കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി കെ.എസ്.പി.ഡി.സിയുടെ സഹകരണത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ശിലാസ്ഥാപനം നടത്തി.<br>5. കെപ്കോയുടെ എ.സി ചിക്കൻ റെസ്റ്റോറന്റിന്റെ രണ്ടാം ഘട്ട വികസനം ആരംഭിച്ചു.<br>6. കെപ്കോയുടെ മാംസ വിപണന ഏജൻസികൾ തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, പട്ടം, നാലാഞ്ചിറ എന്നിവിടങ്ങളിൽ ആരംഭിച്ചു. |

| | |
|---|---|
| | 7. കെപ്‌കോയുടെ നേതൃത്വത്തിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണന കേന്ദ്രം ആരംഭിച്ചു.<br>8. മലബാർ മേഖലയിൽ പ്രതിദിനം 300 ടൺ ഉൽപാദന ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് കേളാ ഫീഡ്സ് വഴി തുടക്കം കുറിച്ചു. |
| (ബി) എങ്കിൽ ഈ രംഗത്ത് നേമം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കപ്പെട്ട പദ്ധതികളുടെ സാമ്പത്തിക, ഭൗതിക വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) നേമം നിയോജക മണ്ഡലത്തിൽ നൂറു ദിന കർമ്മ പരിപാടികളുടെ ഭാഗമായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ